(എ)&(ബി)കേരള ഗവണ്മെന്റ് മുഖ്യമായും കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടത് കന്യാകുമാരിയിൽ തുടങ്ങി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മംഗലാപുരം, ഗോവവഴി മുബൈയിലെത്തുന്ന ഒരു ഹൈവേ ഗോൾഡൻ കാഡ്രിലാറ്ററൽ ഹൈവേ ശൃംഖലയുടെ ഭാഗമായി അനുവദിക്കണമെന്നാണ്. കേന്ദ്രം ഇതുവരെ ഇക്കാര്യം അംഗീകരിച്ചിട്ടില്ല.

(സി) ദേശീയപാത 47-ലെ സേലം, കൊച്ചി സെക്ഷനെ ഉത്തര ദക്ഷിണ ഹൈവേയുടെ ഒരു Spur ആയി കേന്ദ്രം അംഗീകരിക്കുകയും ഈ സെക്ഷനിലെ ആലുവ മുതൽ അങ്കമാലി വരെയുള്ള 15 കിലോമീറ്ററും തൃശ്ശൂർ മുതൽ വാണിയംപാറ വരെയുള്ള 20 കിലോമീറ്ററും നാലുവരിയാക്കുന്നതിനു വേണ്ടി ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മുകളിൽ (എ) ചോദ്യത്തിന് മറുപടിയായി സൂചിപ്പിച്ച നിർദ്ദിഷ്ട ഹൈവേ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പല പ്രാവശ്യം കേന്ദ്രഗവണ്മെന്റിന് മുഖ്യമന്ത്രിതലത്തിൽ നിവേദനങ്ങൾ അയയ്ക്കുകയും കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ 1999 ഡിസംബർ 6-ാം തീയതി പൊതുമരാമത്ത് വിദ്യാഭ്യാസമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രനിയമവകുപ്പ് സഹമന്ത്രികൂടി ഉൾപ്പെട്ട എം.പി. മാരുടെ സംഘം പശ്ചിമ തീരത്തെ എം.പി. മാർ ഒപ്പിട്ട ഒരു നിവേദനം പ്രധാനമന്ത്രിയെക്കണ്ട് സമർപ്പിച്ചു. കന്യാകുമാരിയിൽ തുടങ്ങി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മംഗലാപുരം, മർഗോവ വഴി മുബൈയിൽ എത്തുന്ന ഒരു പശ്ചിമ തീര ഹൈവേ ഗോൾഡൻ കാഡ്രിലാറ്ററിന്റെ ഭാഗമായി അനുവദിക്കണമെന്നതാണ് നിവേദനത്തിലെ ആവശ്യം. നിവേദകസംഘത്തിന്റെ ആവശ്യം പ്രധാനമന്ത്രി ശ്രവിക്കുകയും അത് പരിശോധിക്കാമെന്ന് അറിയിക്കുകയും ചെയ്തു. ഇതേ നിവേദകസംഘം അന്നു തന്നെ കേന്ദ്ര ഉപരിതലഗതാഗത വകുപ്പു മന്ത്രിയേയും കണ്ട് പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് സമർപ്പിക്കുകയും ആവശ്യം ഉന്നയിക്കുകയും ചെയ്തു.

14 (*249) മത്സ്യത്തൊഴിലാളികൾക്കുള്ള ക്രെഡിറ്റ് കാർഡ് പദ്ധതി

ശ്രീ. പി. വിശ്വൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കുള്ള ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പാക്കുന്നതിന്റെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) പരീക്ഷണാർത്ഥം ഏതു ജില്ലയിലാണ് ഈ പദ്ധതി ആദ്യമായി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ ബാങ്കുകൾ മുഖേനയാണ് മത്സ്യത്തൊഴിലാളി ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) മത്സ്യത്തൊഴിലാളി ക്രെഡിറ്റ് കാർഡ് സംവിധാനം നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കഴിഞ്ഞ ഒക്ടോബർ മാസം നടന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമായി ചർച്ചചെയ്യുകയും ഈ പദ്ധതി പരീക്ഷണാർത്ഥം കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. 2000 ജനുവരി 4,5, തീയതികളിൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, നബാർഡ്, പ്രാദേശിക സഹകരണ ബാങ്ക്, ലീഡ് ബാങ്ക് തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് യഥാക്രമം കൊല്ലത്തും കണ്ണൂരിലും ആലോചനായോഗം വിളിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീരുമാനങ്ങൾ ഈ യോഗം എടുക്കുന്നതാണ്.

(ബി) മത്സ്യത്തൊഴിലാളികളെ മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക, അവരിൽ സമ്പാദ്യശീലം വളർത്തുക, അവർക്ക് പ്രവർത്തന മൂലധനവും, പഞ്ചമാസങ്ങളിൽ ഭക്ഷണത്തിനും മറ്റു ചെലവുകൾക്കുമുള്ള തുകയും ലഭ്യമാക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) കണ്ണൂർ, കാസർഗോഡ്, കൊല്ലം എന്നീ ജില്ലകളിൽ.

(ഡി) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നോർത്ത് മലബാർ ഗ്രാമീണ ബാങ്ക് തുടങ്ങിയ ബാങ്കുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) 1999 ഒക്ടോബർ 5,6, തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചു.

3.11.99 ന് തിരുവനന്തപുരത്ത് നബാർഡിന്റെ ആഫീസിൽ വിളിച്ചുകൂട്ടിയ ബാങ്ക് ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പദ്ധതി പരീക്ഷണാർത്ഥം നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ തീരുമാനിച്ചു.

2000 ജനുവരി 4,5 തീയതികളിൽ കൊല്ലം, കണ്ണൂർ ജില്ലകളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബാങ്ക് ഉദ്യോഗസ്ഥന്മാരുടെയും ബന്ധപ്പെട്ട വികസനവകുപ്പുകളുടേയും യോഗം വിളിച്ചുകൂട്ടുന്നതാണ്.

(എഫ്) വായ്പയുടെ തിരിച്ചടവ് മത്സ്യത്തൊഴിലാളി മേഖലയിൽ തൃപ്തികരമല്ല എന്ന കാരണത്താൽ വായ്പ അനുവദിക്കുന്നതിൽ ബാങ്കുകൾ പൊതുവെ വിമുഖരാണ്. മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം വഴി ബാങ്ക് വായ്പ തിരിച്ചടയ്ക്കുവാനുള്ള ഉത്തരവാദിത്വം സംബന്ധിച്ച് അവബോധം സൃഷ്ടിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly